4245
08/11/12

105

കേരള സർക്കാർ

സംഗ്രഹം

പബ്ലിക് റിലേഷൻസ് വകുപ്പ് – പത്രപ്രവർത്തക ക്ഷേമ പെൻഷൻ പദ്ധതി – ചട്ടങ്ങൾ – അംഗത്വം അനുവദിക്കുന്നത് സംബന്ധിച്ച വ്യവസ്ഥകളിൽ ഭേദഗതി വരുത്തി ഉത്തരവാകുന്നു.

---

പൊതുഭരണ (പബ്ലിക് റിലേഷൻസ് – സി) വകുപ്പ്

സ.ഉ.(സാ)നം.176/2000/പി.ആർ. തീയതി, തിരുവനന്തപുരം, 28.12.2000

---

സൂചന :- 1. 16.8.93 ലെ സ.ഉ.(പി) 7/93/പി.ആർ.
2. 4.2.2000 ലെ സ.ഉ.(സാ)14/2000/പി.ആർ. നം. ഉത്തരവ്.
3. 15.2.2000 ലെ സ.ഉ.(സാ)22/2000/പി.ആർ നം. ഉത്തരവ്
4. 12.10.2000 ലെ സംസ്ഥാന പെൻഷൻ മാനേജിംഗ് കമ്മിറ്റി യോഗ നടപടിക്കുറിപ്പ്.

ഉത്തരവ്

സൂചന ഒന്നിലെ സർക്കാർ ഉത്തരവിലെ ചട്ടം 6 പ്രകാരം പത്രപ്രവർത്തക പെൻഷൻ പദ്ധതി ചട്ടങ്ങൾ പ്രാബല്യത്തിൽ വരുന്ന സമയത്ത് അതായത് 1.4.93-ൽ പത്രപ്രവർത്തകനായിരിക്കുന്ന ഒരാൾ ഇത് പ്രാബല്യത്തിൽ വന്ന് ആറുമാസത്തിനകം അംഗമായി രജിസ്റ്റർ ചെയ്തിരിക്കേണ്ടതാണ്. സൂചന 2-ലെ ഉത്തരവ് പ്രകാരം, യഥാസമയം അംഗത്വത്തിന് അപേക്ഷിക്കാൻ കഴിയാതെ പോയവർക്ക് അപേക്ഷിക്കുന്നതിനായി 30.6.2000 വരെ സമയം അനുവദിച്ച് നൽകുകയുണ്ടായി. എന്നാൽ ചട്ടം നിലവിൽ വന്ന 1.4.93-ൽ പത്രപ്രവർത്തകനായിരിക്കുകയും അംഗമായി ചേരുന്നതിനുള്ള നിർദ്ദിഷ്ട ആറുമാസത്തിനകം റിട്ടയർ ചെയ്തു പോകുകയും ചെയ്തവർക്ക് അംഗത്വം നൽകുക, 30.6.2000 വരെ സമയം അനുവദിച്ചിട്ടും അംഗത്വത്തിന് അപേക്ഷിക്കാതിരിക്കുക, പെൻഷൻ പാസ്ബുക്ക് നഷ്ടപ്പെട്ടുപോകുക തുടങ്ങിയ കാര്യങ്ങളിൽ 12.10.2000-ൽ ചേർന്ന പെൻഷൻ മാനേജിംഗ് കമ്മിറ്റി കൈക്കൊണ്ട തീരുമാനങ്ങളുടെ അടിസ്ഥാനത്തിൽ താഴെപ്പറയുന്ന ഭേദഗതികൾ അംഗീകരിച്ച് ഉത്തരവാകുന്നു.

പത്രപ്രവർത്തക പെൻഷൻ പദ്ധതി നിലവിൽ വന്ന 1.4.93-ൽ പത്രപ്രവർത്തകരായിരുന്നവർ നിർദ്ദിഷ്ട ആറുമാസത്തിനകം അംഗത്വത്തിന് അപേക്ഷിക്കാതിരിക്കുകയും പ്രസ്തുത ആറുമാസത്തിനുള്ളിൽ റിട്ടയർ ചെയ്തു പോകുകയും ചെയ്തിട്ടുണ്ടെങ്കിൽ, അവരുടെ അംഗത്വത്തിനുള്ള അപേക്ഷ സ്വീകരിക്കുന്നതും അംഗത്വം നൽകി പെൻഷൻ അനുവദിക്കുന്നതുമാണ്. 1.4.93 മുതൽ

6 മാസം കൂടി സർവ്വീസിൽ ഉണ്ടായിരുന്ന പത്രപ്രവർത്തകർക്ക് അവശപത്രപ്രവർത്ത സഹായ ധനത്തിനു് അർഹത ഉണ്ടായിരിക്കുന്നതല്ല. 1.4.93-നു് മുൻപ് സർവ്വീസിൽ നിന്ന് പിരിഞ്ഞുപോയവർക്ക് മാത്രമെ അവശപത്രപ്രവർത്തകർക്കുള്ള സഹായ ധനത്തിനു് അർഹത ഉണ്ടായിരിക്കുകയുള്ളൂ.

പെൻഷൻ പദ്ധതിയിൽ അംഗമാകുന്നതിനു് 30.6.2000 വരെ സമയം നീടിക്കൊടുത്തിട്ടും അംഗത്വത്തിനു് അപേക്ഷിക്കാത്തവർ അപ്രകാരം 30.6.2000- ശേഷം താമസിക്കുന്ന ഓരോ ദിവസത്തിനും ഒരു രൂപാ വച്ച് അംഗത്വമെടുക്കുന്ന വരെ ഒടുക്കേണ്ടതാണെന്ന് ഉത്തരവാകുന്നു.

ഒരംഗത്തിന്റെ പാസ്ബുക്ക് നഷ്ടപ്പെട്ടുപോയാൽ നിശ്ചിത പിഴ ഒടുക്കിയ രസീത് സഹിതം ബന്ധപ്പെട്ട ഡെപ്യൂട്ടി ഡയറക്ടറുടെ ശുപാർശയോടുകൂടി പബ്ലി റിലേഷൻസ് ഡയറക്ടർക്ക് അപേക്ഷ സമർപ്പിക്കേണ്ടതാണെന്നും ഉത്തരവാകുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം
ആർ. നടരാജൻ,
ഡയറക്ടർ ആന്റ് സെക്രട്ടറി.

എല്ലാ ഡെപ്യൂട്ടി ഡയറക്ടർമാർക്കും
എല്ലാ ജില്ലാ ഇൻഫർമേഷൻ ഓഫീസർമാർക്കും
എല്ലാ പെൻഷൻ മാനേജിംഗ് കമ്മിറ്റി അംഗങ്ങൾക്കും

പകർപ്പ്:- ഇൻഫർമേഷൻ ഓഫീസർ. (പ്രസ് റിലീസ്)
ഫയൽ 18362/സി2/98/പി.ആർ.

ഉത്തരവിൻ പ്രകാരം.

സെക്ഷൻ ഓഫീസർ.